പലിശ സബ്സിഡി നൽകുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിൽനിന്നും സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഇ.എം.എസ്. ഭവന പദ്ധതിക്ക് 4000 കോടി രൂപ സഹകരണ മേഖലയിൽ നിന്നും നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നീതി മെഡിക്കൽ സ്റ്റോർ

24 (5429) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; എന്ന് ആരംഭിക്കുവാൻ കഴിയും എന്നാണ് സർക്കാർ കരുതുന്നത് ?

ഉത്തരം

എല്ലാ പഞ്ചായത്തുകളിലും നീതിമെഡിക്കൽ സ്റ്റോർ ആരംഭിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പഞ്ചായത്തുകളിലും നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. വാണിയംകുളം പഞ്ചായത്തിൽ വാണിയംകുളം സേവന സഹകരണ ബാങ്കിന് നീതിമെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. അനങ്ങനടി പഞ്ചായത്തിൽ കോതക്കുറുശ്ശി സേവന സഹകരണ ബാങ്കിന് നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണനയിലാണ്.

സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബാങ്കിലെ നിയമനം

25 (5430) ശ്രീ. പി. കൃഷ്ണ പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബാങ്കിൽ നടത്തിയ നിയമനം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ ;

(സി) ബാങ്ക് ഭരണ സമിതിയുടെ അഴിമതിക്കെതിരെ സഹകരണ വകുപ്പ് പോലീസ് അന്വേഷണം ആവശ്യപ്പെടുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബാങ്കിൽ നടത്തിയ പ്യൂൺ നിയമനവുമായി ബന്ധപ്പെട്ട് അഞ്ചുപേരുടെ പരാതികൾ വയനാട് ജോയിന്റ് രജിസ്ട്രാർക്ക് ലഭിച്ചിരുന്നു. അതിൽ ഒരാൾ പിന്നീട് പരാതി പിൻവലിച്ചു. ബാക്കി 4 പരാതികളുടെ പകർപ്പുകൾ അനുബന്ധം II ആയി ചേർക്കുന്നു.*

(ബി) നിയമനം സംബന്ധിച്ച ബാങ്ക് പത്രപസ്യം നൽകിയത് ക്രമപ്രകാരമല്ലെന്ന് കാണിച്ചും നിയമനത്തിൽ ലക്ഷക്കണക്കിനുരൂപയുടെ അഴിമതി നടക്കുന്നുവെന്ന് ആരോപിച്ചും ശ്രീ. പി. എം. ഡേവിഡ് എന്നയാൾ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ക്ക് സമർപ്പിച്ച പരാതി അന്വേഷിച്ചതിൽ പത്രപരസ്യം നൽകിയിട്ടുള്ളത് ക്രമപ്രകാരമല്ലെന്ന് കണ്ടതിനെ തുടർന്ന് നിയമനം സംബന്ധിച്ച തുടർ നടപടികൾ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ 9-4-2009-ലെ സി.ആർ.പി.(1) 1390/09-ലെ ഉത്തരവ് പ്രകാരം താൽക്കാലികമായി നിർത്തി വയ്ക്കുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിരുന്നു.

ബാങ്കിന്റെ അപേക്ഷയെത്തുടർന്ന് നിയമന നടപടികൾ ക്രമപ്രകാരം സുതാര്യമായി നടത്തുന്നതിന് 6-8-2009 ന് ബാങ്കിന് ജോയിന്റ് രജിസ്ട്രാർ അനുമതി നൽകിക്കൊണ്ട് ഉത്തരവ് നൽകുകയും നിയമനത്തിനായി ബാങ്ക് 11-10-2009 ന് എഴുത്തു പരീക്ഷയും 30-10-2009 ന് ഇന്റർവ്യൂവും നടത്തുകയുണ്ടായി. നിയമനം ലഭിച്ചവർ 31-10-2009 ന് ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

ബാങ്കിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീമതി ലിനിമാത്യു, ബാങ്കിലെ നിയമനങ്ങളിൽ ക്രമക്കേടുകളുണ്ടെന്ന് കാണിച്ച് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ സമർപ്പിച്ച പരാതിയെപ്പറ്റി അന്വേഷിക്കാൻ സുൽത്താൻബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ക്ക് ജോയിന്റ് രജിസ്ട്രാർ നിർദ്ദേശം നൽകിയിരുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം (1) ആയി ചേർക്കുന്നു.*

(സി) അന്വേഷണം സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ ജില്ലാ സഹകരണബാങ്കിലെ ക്ളാർക്ക്/കാഷ്യർ തസ്തിക

26 (5431) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലാ സഹകരണ ബാങ്കിലെ ക്ളാർക്ക്/കാഷ്യർ തസ്തികയിലേക്കുള്ള പി.എസ്.സി. ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ബി) ഈ ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ ;

* അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.